പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3778 — 11-12-2018 ൽ മറുപടിക്ക്

## ജലഗതാഗത വകുപ്പിലെ സമാശ്വാസ തൊഴിൽദാന അപേക്ഷ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ജോൺ ഫെർണാണ്ടസ് | | ശ്രീ. എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ജലഗതാഗത വകുപ്പിന്റെ തേവര ഓഫീസിൽ ചാർജ്ജ്മാനായി ജോലി ചെയ്തിരുന്നതും 19.12.2015 ൽ മരണപ്പെട്ടിട്ടുള്ളതുമായ കെ.കെ.പുരുഷോത്തമന്റെ മകൾ കടവന്ത്ര, ചിലവന്നൂർ തിട്ടേത്തറ വീട്ടിൽ കൃഷ്ണ.കെ.പി സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ; | (എ), യും (ബി) യും (സി) യും | ജലഗതാഗത വകുപ്പിന്റെ തേവര ഓഫീസിൽ ചാർജ്ജ്മാനായി ജോലി ചെയ്തു വരവേ 19-12-2015-ൽ മരണപ്പെട്ടുപോയ കെ.കെ. പുരുഷോത്തമന്റെ മകൾ കടവന്ത്ര ചിലവന്നൂർ തിട്ടേത്തറ വീട്ടിൽ കൃഷ്ണ.കെ.പി സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിനായി 1/7/2015-ൽ സമർപ്പിച്ച അപേക്ഷ ജലഗതാഗത വകുപ്പ് ഡയറക്ടർ, 16/10/2015-ലെ ഇ 3-5999/15 നമ്പർ കത്ത് പ്രകാരം തുടർ നടപടികൾക്കായി ശിപാർശ ചെയ്ത് അയയ്ക്കുകയുണ്ടായി. പ്രസ്തുത അപേക്ഷയും അനുബന്ധ രേഖകളും G.O.(P)No.12/99/P&ARD തീയതി 24/05/1999-ൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം, പ്രൊഫോർമ റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി 11/11/2015-ലെ 13004/D1/2015/ഗതാ നമ്പർ സർക്കാർ കത്ത് പ്രകാരം എറണാകുളം ജില്ലാ കളക്ടർക്ക് അയയ്ക്കുകയും പ്രസ്തുത കത്തിന്റെ പകർപ്പ്, ജലഗതാഗത വകുപ്പ് ഡയറക്ടർക്കും അപേക്ഷകയ്ക്കും ലഭ്യമാക്കുകയും ചെയ്തിരുന്നു. പ്രസ്തുത അപേക്ഷയിന്മേൽ നാളിതുവരെ ജില്ലാ കളക്ടറുടെ റിപ്പോർട്ട് ലഭ്യമായിട്ടില്ല. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ടി ഫയലിൽ തുടർ നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ. ഇതു സംബന്ധിച്ച റിപ്പോർട്ട് ഒരാഴ്ചയ്ക്കുള്ളിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 04/12/2018-ൽ ജില്ലാ കളക്ടർക്ക് ഓർമ്മക്കുറിപ്പ് നല്കിയിട്ടുണ്ട്. |
| (ബി) | ഇത് സംബന്ധിച്ച് ഗതാഗത വകുപ്പിലെ 13004/D1/15/Trans നമ്പർ ഫയലിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്നും ബന്ധപ്പെട്ട കക്ഷിയെ ഇത് സംബന്ധിച്ച് അനന്തര നടപടികൾ അറിയിക്കാത്തതിന് കാരണം എന്തെന്നും വിശദമാക്കാമോ; | | |
| (സി) | പ്രസ്തുത അപേക്ഷകയ്ക്ക് എന്നത്തേക്ക് ജോലി ലഭ്യമാകുമെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ